

# പാറശ്ശാല

ഭദ്രാസന ബുള്ളറ്റിൻ

വാല്യം 4 ലക്കം 6

ഡിസംബർ 2021






**സഹയാത്രികയായ സഭ ഭദ്രാസന സുന്നഹദോസ് ഉദ്ഘാടനം**




**ഭാഗ്യസ്മരണാർഹനായ ലോറൻസ് മാർ അപ്രേം അനുസ്മരണ പഠന ശിബിരം**



**എം. സി. വൈ. എം. പാറശ്ശാല ഭദ്രാസന സമിതിയുടെ അസീസിയൻ സൗഹൃദ കൂട്ടായ്മ**

# പാറശ്ശാല

## ഭദ്രാസന ബുള്ളറ്റിൻ

വാല്യം 4 ഡിസംബർ 2021 ലക്കം 6

*Patron*
His Excellency
Thomas Mar Eusebius

*Chief Editor*
Fr. Abin Mullackal

*Managing Editor*
Msgr. Selin Jose
Konathuvila

*Printed & Published By*
Very Rev. Fr. Hormis
Puthenveettil

*(Private Circulation Only)*

### ഉള്ളടക്കം

| | |
|---|---|
| ഇടയശബ്ദം | 2 |
| സഭാ വാർത്തകൾ | 4 |
| ഭദ്രാസന വാർത്തകൾ | 5 |
| വിശ്വാസ പരിശീലന കാര്യാലയം | 8 |
| കെ.സി.എസ്.എൽ | 8 |
| എം.സി.വൈ.എം. | 11 |
| എം.സി.എ. | 20 |
| സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ | 23 |
| സെമിനാരി വാർത്തകൾ | 24 |
| ക്ഷേമ | 25 |
| മാതൃവേദി | 27 |
| വിദ്യാഭ്യാസം | 30 |

# ഇടയശബ്ദം



**സ്നേഹമുള്ള സഹോദരീ സഹോദരന്മാരെ,**

ഡിസംബർ മാസം നമുക്ക് അതീവ ഹൃദ്യതയുള്ള ഒരു മാസമാണല്ലോ-ക്രിസ്തുമസ് കരോളും നക്ഷത്രങ്ങളും പുൽക്കൂടും ക്രിസ്തുമസ് ട്രീയും കേക്കും സമ്മാനങ്ങളുമൊക്കെയായി, ഒരു വർഷത്തിലെ വളരെ വ്യത്യസ്തതയുള്ളതും നിറമുള്ളതുമായ കുറെയേറെ നല്ല അനുഭവങ്ങൾ നമുക്ക് സമ്മാനിക്കുന്ന മാസം. ഇതിനെല്ലാം മകുടമായി നാം വളരെയധികം ഇഷ്ടപ്പെടുന്ന നമ്മുടെ ദൈവാലയങ്ങളിലെ ക്രിസ്തുമസ് ആരാധനയും കൂടിവരവും. കോവിഡ് പകർച്ചവ്യാധി, പിന്നിട്ട വർഷം നമുക്ക് നിഷേധിച്ച ഈ നല്ല അനുഭവങ്ങളൊക്കെ ഏറ്റവും ഹൃദ്യമായും അർത്ഥവത്തായും അതേസമയം ജാഗ്രത കൈവിടാതെയും ആഘോഷിക്കുവാൻ നമുക്ക് സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ക്രിസ്തുമസിന്റെ വർണാഭമായ ഈ ഘടകങ്ങളൊക്കെ ആത്യന്തികമായി നമ്മെ നയിക്കേണ്ടത്, പുൽതൊട്ടിയിലെ പരിമിതിയിൽ നിസ്സാരനായി ശയിക്കുന്ന ദൈവപുത്രന്റെ മനോഭാവത്തിലേക്കാണ്. ഈ മനോഭാവത്തെക്കുറിച്ച് വിശുദ്ധ പൗലോസ് ശ്ലീഹ ഇപ്രകാരമാണ് പറയുന്നത്: “ക്രിസ്തു യേശുവിലുള്ള ഈ മനോഭാവം നിങ്ങളിലും ഉണ്ടാകട്ടെ ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത മുറുകെപ്പിടിക്കേണ്ട കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച്, മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന്, ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു. മരണംവരെ-കുരിശു മരണംവരെ അനുസരണയുള്ളവനായി തന്നെത്തന്നെ താഴ്ത്തി” (ഫിലിപ്പി 2:5-8). ശൂന്യവൽക്കരണത്തിന്റെ അഹം പൂർണമായി നിഗ്രഹിക്കുന്നതിന്റെ പരമമായ മാതൃകയാണിത്.

ദൈവം തന്നെത്തന്നെ താഴ്ത്തിയ അനുഭവമാണ് ക്രിസ്തുമസ്, ദൈവം ഒന്നുമല്ലാതായിത്തീരുവാൻ തീരുമാനിച്ചതാണ് ക്രിസ്തുമസ്. സ്വയം താഴ്ത്തുന്നതും ഒന്നുമല്ലാതായിത്തീരുവാൻ സന്നദ്ധമാകുന്നതും നമ്മുടെ സംസ്കാരത്തിന് അത്ര പരിചിതമായ മനോഭാവമല്ല. നാമൊക്കെ സാധാരണയായി ആഗ്രഹിക്കുന്നത് എന്തെങ്കിലും ആയിത്തീരുവാനും സ്വയം സാധിക്കുന്നത്ര ഉയർത്തുവാനുമാണ്. പരസ്യം വാഴുന്ന ഒരു ലോക

ത്തിലാണ് നാം ജീവിക്കുന്നത്. എല്ലാ പരസ്യങ്ങളുടെയും പിന്നിലെ വികാരം ശ്രദ്ധിക്കപ്പെടുവാനുള്ള ആഗ്രഹവും അതുവഴി സ്വയം ഉയർത്തുവാനുള്ള വ്യഗ്രതയുമാണ്. സ്ഥാനത്തും അസ്ഥാനത്തും നാം നമ്മെ തന്നെ 'ഹൈലൈറ്റ്' ചെയ്യുവാൻ ശ്രമിക്കുന്നു. ഇന്നത്തെ പോലെ ഒരു 'ഫോട്ടോ സംസ്കാരം' നമ്മുടെ ചെയ്തികളെയും കൂടിവരവുകളെയും നിയന്ത്രിച്ച ഒരു സമയം ഉണ്ടായിട്ടില്ല. ഇത് സാങ്കേതിക വിദ്യകളുടെ വളർച്ചയുടെയും മികവിന്റെയും ഒരു പരിണിതഫലമായി മാത്രം കണ്ടുകൂടാ, പിന്നെയോ മനുഷ്യന്റെ മനോഭാവത്തിലുണ്ടായ സാരമായ ഒരു ശോഷണത്തിന്റെ ഫലം കൂടിയാണ്.

നമ്മുടെ പരിപാടികളുടെയൊക്കെ ആത്യന്തികലക്ഷ്യം ചിത്രമെടുക്കുകയും അത് പ്രദർശിപ്പിക്കുകയുമാണ് എന്ന് തോന്നിപ്പിക്കും വിധം ഈ ഫോട്ടോ സംസ്കാരം നമ്മെ അത്രമാത്രം സ്വാധീനിച്ചിരിക്കുന്നു. നമ്മുടെ സഭാപരമായ കൂടി വരവുകളും ആരാധന അനുഭവങ്ങളുമൊക്കെ ഈയൊരു പ്രവണതയ്ക്ക് പലപ്പോഴും വിധേയമാകുന്നുണ്ട്. നമ്മുടെ സർഗാത്മകസംഭാവനകൾ പോലും സ്വയം ഉയർത്തുവാനും പ്രദർശിപ്പിക്കുവാനുള്ള വ്യഗ്രതയാൽ വികലമാക്കപ്പെടുന്നു. നമ്മുടെ സാമൂഹ്യ മാധ്യമ ഇടപെടലുകളൊക്കെ ഈയൊരു പ്രദർശനപരതയുടെ സഭ്യമല്ലാത്ത പ്രതിഫലനങ്ങളായി മാറുന്നു.

ക്രിസ്തുമസ് ആത്യന്തികമായി ഈയൊരു സംസ്കാര വൈകല്യത്തെ പ്രതിരോധിക്കേണ്ട ആത്മീയ അനുഭവമാണ്. സ്നേഹത്തിന്റെ സമ്മർദ്ദത്തിൽ സ്വയം ശൂന്യമാകുവാനും ഒന്നുമല്ലാതായി തീരുവാനുമുള്ള സന്നദ്ധതയാണ് ക്രിസ്തുമസിന്റെ അന്തഃസത്ത. ഈ ക്രിസ്തുമസ് ഏറ്റവും കുറഞ്ഞത് നമ്മുടെ 'സെൽഫി സംസ്കാരത്തിൽ' നിന്നും അല്പം അകലം പാലിക്കുവാൻ നമ്മളെ സഹായിച്ചാൽ അത്രമാത്രം പ്രസക്തമായി. ഏവർക്കും അനുഗ്രഹീതമായ ക്രിസ്തുമസും ദൈവകൃപ നിറഞ്ഞ പുതുവത്സരവും ഞാൻ സ്നേഹപൂർവ്വം ആശംസിക്കുന്നു.

+ Eusebius

✠ തോമസ് മാർ യൗസേബിയോസ്

# മലങ്കര സുറിയാനി കത്തോലിക്കാ സഭ

## മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷന് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആദരം



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് ത്രിതീയൻ കാതോലിക്കാബാവാ തിരുമേനിക്ക്, സഭയുടെ പരമാദ്ധ്യക്ഷൻ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവായുടെ നേതൃത്വത്തിൽ പട്ടം മേജർ ആർച്ചുബിഷപ്സ് ഹൗസിൽ വച്ച് പ്രൗഢഗംഭീരമായ സ്വീകരണം നൽകി.

പരിശുദ്ധ ബസേലിയോസ് മാത്യൂസ് ത്രിതീയൻ കാതോലിക്കാബാവായ്ക്ക് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ഉപഹാരം മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ സമർപ്പിച്ചു. പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത സന്നിഹിതനായിരുന്നു.

# ഭദ്രാസന വാർത്തകൾ

## സഹയാത്രികയായ സഭ ഭദ്രാസനതല സുന്നഹദോസ് ഉദ്ഘാടനം



2023 ഒക്ടോബർ മാസത്തിൽ റോമിൽ നടക്കുന്ന ആഗോള മെത്രാൻ സുന്നഹദോസിന് ഒരുക്കമായുള്ള പാറശ്ശാല ഭദ്രാസന സുന്നഹദോസ് 2021 ഡിസംബർ മാസം 18 ശനിയാഴ്ച കുടയാൽ, പരിശുദ്ധ ജപമാല രാജ്ഞി മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടന്നു. ഭദ്രാസന സുന്നഹദോസിൽ പങ്കെടുക്കുന്ന എല്ലാവർക്കും ഭദ്രാസന വികാരി ജനറൽ വന്ദ്യ ജോസ് കോണത്തുവിളയച്ചൻ സ്വാഗതം അറിയിച്ചാരംഭിച്ച സുന്നഹദോസ് പാറശ്ശാല രൂപതാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ് ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന കർമ്മത്തിനു ശേഷം സുന്നഹദോസിന്റെ പഠനവിഷയമായ ‘സഹയാത്രികയായ സഭ’ എന്ന വിഷയം സെന്റ് മേരീസ് മേജർ സെമിനാരി പ്രൊഫസർ റവ. ഫാ. ജോസഫ് വള്ളിയാട്ട് അവതരിപ്പിച്ചു. വിഷയാവാതരണത്തിനുശേഷം സുന്നഹദോസ് അംഗങ്ങൾ നാലു ഗ്രൂപ്പുകളായി തിരിഞ്ഞ് മുൻകൂട്ടി നൽകിയ ചോദ്യങ്ങൾ ചർച്ച ചെയ്തു.

തുടർന്നു നടന്ന റിപ്പോർട്ടവതരണത്തിൽ ബാർ ഈത്തോ കാശീറോ പൗലോസ് എട്ടുകുറ്റി മോഡറേറ്ററായിരുന്നു. പാറശ്ശാല ഭദ്രാസനത്തിലെ വൈദികരും അജപാലന സമിതിയംഗങ്ങളും പങ്കെടുത്ത ഭദ്രാസന സുന്നഹദോസിൽ പൗരോഹിത്യജീവിതത്തിൽ നാൽപത് വർഷങ്ങൾ പൂർത്തിയാക്കിയ ഭദ്രാസന ചാൻസിലർ വെരി. റവ. ഫാ. ഹോർമീസ് പുത്തൻവീടിനെ അഭിവന്ദ്യ പിതാവ് അഭിനന്ദിച്ചു. തുടർന്ന് അഭിവന്ദ്യ പിതാവ് സമാപന സന്ദേശം നൽകി. ശേഷം ഭദ്രാസന സുന്നഹദോസിൽ പങ്കെടുത്തയെല്ലാവർക്കും ഭദ്രാസന സുന്നഹദോസ് കോ-ഓർഡിനേറ്റർ ഫാ. ബനഡിക്ട് വാറുവിള നന്ദി പ്രകാശിപ്പിച്ചു. അഭിവന്ദ്യ പിതാവിന്റെ ആശീർവാദത്തോടും സ്നേഹഭോജനത്തോടുംകൂടെ ഭദ്രാസന സുന്നഹദോസ് സമാപിച്ചു.

## വി. യൗസേപ്പിതാവിന്റെ വർഷാചരണ സമാപനം

വി. യൗസേപ്പിതാവിന്റെ വർഷാചരണ സമാപനം 2021 ഡിസംബർ മാസം 5-ാം തീയതി പാറശ്ശാല കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് സംഘടിപ്പിച്ചു. പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ് വി. കുർബാന അർപ്പിക്കുകയും സമാപനസന്ദേശം നൽകുകയും ചെയ്തു. പാറശ്ശാല ഭദ്രാസനത്തിൽ സേവനമനുഷ്ഠിക്കുന്ന ബഹുമാനപ്പെട്ട വൈദികർ സന്നിഹിതരായിരുന്നു.

## ഫ്രറ്റേണൽ മീറ്റ്



വി. യൗസേപ്പിതാവിന്റെ വർഷാചരണ സമാപനത്തോടനുബന്ധിച്ച് മേരീമക്കൾ സന്യാസിനി സമൂഹം നിർമ്മലാ പ്രൊവിൻസ്, പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ്

പിതാവിനും ഭദ്രാസനത്തിൽ സേവനം അനുഷ്ഠിക്കുന്ന ബഹു. വൈദികർക്കുമായി വി. യൗസേപ്പിതാവിന്റെ നാമത്തിൽ സ്ഥാപിതമായ വെണ്ണിയൂർ പ്രൊവിൻഷ്യൽ ഭവനത്തിൽ വച്ച് ഫ്രറ്റേണൽ മീറ്റ് സംഘടിപ്പിച്ചു. നിർമ്മല പ്രൊവിൻസ് സുപ്പീരിയർ റവ. മദർ കാരുണ്യയുടെയും പ്രൊവിൻഷ്യൽ ടീമിന്റെയും നേതൃത്വത്തിലാണ് ഇത് ക്രമീകരിച്ചത്.

### പ്രാർത്ഥനാശംസകൾ


പാറശ്ശാല ഭദ്രാസനത്തിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച് ഉപരിപഠനത്തിനായി പോകുന്ന ബഹു. ഫ്രാൻസിസ് കുര്യൻ വാലുപറമ്പിൽ ഒഐസി അച്ചന് പാറശ്ശാല ഭദ്രാസനത്തിന്റെ പ്രാർത്ഥനകളും ആശംസകളും.

**നിയമനം**

| | | |
|---|---|---|
| റവ. ഫാ. ജോൺ പോൾ OIC | : | പാമ്പുകാല, പൂവാർ |
| റവ. ഫാ. കുന്നിൻപുറത്ത് മാത്യു | : | കുടപ്പനമൂട്, പന്ത, വാഴിച്ചൽ |
| റവ. ഫാ. കരിപ്പോൺ ചാക്കോ | : | അസിസ്റ്റന്റ്, വെരി. റവ. ഫാ. ഹോർമീസ് പുത്തൻവീട് |

## മിഷൻ വാർത്തകൾ

### ആദരാഞ്ജലികൾ



ദീർഘകാലം പാളയം സെന്റ് മേരീസ് സമാധാന രാജ്ഞി ബസിലിക്കയിലെ പ്രധാന ശുശ്രൂഷകനായിരുന്ന ലോറൻസ് ഉപദേശി 2021 നവംബർ 29 ന് കർത്താവിൽ നിദ്രപ്രാപിച്ചു. തിരുവല്ലം തിരുഹൃദയ ഇടവകാംഗമായ പരേതൻ 1970 കളിൽ തിരുവനന്തപുരം അതിഭദ്രാസനത്തിൽ നടന്ന പ്രത്യേക പരിശീലനം നേടി ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിൽ നിന്ന് കൈവയ്പ്പു ശുശ്രൂഷ ലഭിച്ച ഉപദേശിമാരിലൊരാളാണ്. ഡിസംബർ 6-ന് തിരുവല്ലം ദൈവാലയത്തിൽ വച്ച് നടന്ന ശവസംസ്ക്കാര ശുശ്രൂഷയ്ക്ക് ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ നേതൃത്വം നൽകി. ഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ!



# വിശ്വാസ പരിശീലന കാര്യാലയം

## ഒന്നാം സെമസ്റ്റർ പരീക്ഷ

പാറശ്ശാല ഭദ്രാസനത്തിലെ വിശ്വാസപരിശീലന ക്ലാസ്സുകളുടെ ഒന്നാം സെമസ്റ്റർ പരീക്ഷ 2022 ജനുവരി രണ്ടാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് അതാത് ഇടവകകളിൽ വച്ച് നടത്തുന്നതായിരിക്കും. പരീക്ഷയ്ക്കുള്ള ചോദ്യപേപ്പറുകൾ ഭദ്രാസന കാര്യാലയത്തിൽ നിന്ന് ജില്ലാ കാര്യാലയത്തിൽ എത്തിക്കുന്നതാണ്.

രണ്ടാം സെമസ്റ്റർ പരീക്ഷകൾ 2022 മെയ് മാസം ഒന്നാം തീയതി അതാത് ഇടവകകളിൽ വെച്ച് നടത്തുന്നതാണ്.

ഓരോ ഇടവകയിലും ഓരോ ക്ലാസുകളിലും പഠിക്കുന്ന കുട്ടികളുടെ എണ്ണം കൃത്യമായി എഴുതി ജില്ലാ ഡയറക്ടർ വഴി 2021 ഡിസംബർ മാസം 20 ന് മുമ്പായി ഭദ്രാസന കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്.

## സർട്ടിഫിക്കറ്റ് വിതരണം

2020 –21 അധ്യായന വർഷത്തെ 10, 12 ക്ലാസുകളിലെ പരീക്ഷയിൽ വിജയികളായവർക്കുള്ള സർട്ടിഫിക്കറ്റുകൾ ഭദ്രാസന കാര്യാലയത്തിൽ ലഭ്യമാണ്. അതാത് ഇടവകകളിലെ പ്രധാനാധ്യാപകർ ഭദ്രാസന കാര്യാലയത്തിൽ വന്നു സർട്ടിഫിക്കറ്റുകൾ വാങ്ങേണ്ടതാണ്.

## കെ.സി.എസ്.എൽ.

പാറശ്ശാല ഭദ്രാസനാധ്യക്ഷൻ, അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തയുടെ അനുഗ്രഹാശിസ്സുകളോടെ, പാറശ്ശാല ഭദ്രാസനത്തിൽ കെ.സി.എസ്.എൽ. (കേരള കാത്തലിക് സ്റ്റുഡന്റ്സ് ലീഗ്) കഴിഞ്ഞ മൂന്നു വർഷക്കാലമായി സജീവമായി പ്രവർത്തിച്ചുവരുന്നു. നമ്മുടെ ഭദ്രാസനത്തിലെ സ്കൂളുകൾ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഈ പ്രസ്ഥാനത്തിൽ, സീറോ മലങ്കര, സീറോ മലബാർ, ലത്തീൻ റീത്തുകളിൽ പെട്ട വിദ്യാർത്ഥികളും അധ്യാപകരും ഉൾപ്പെടുന്നു. 'വിശ്വാസം, പഠനം, സേവനം' എന്ന മുദ്രാവാക്യം ഉയർ

ത്തിപ്പിടിച്ചുകൊണ്ട് മുന്നേറുന്ന ഈ പ്രസ്ഥാനം, കത്തോലിക്കരായ വിദ്യാർത്ഥികളെ വിശ്വാസത്തിൽ ബലപ്പെടുത്തുന്നതിനും, കുട്ടികളിലെ സർഗവാസനകൾ കണ്ടെത്തി അവരെ ബഹുമുഖ പ്രതിഭകളാക്കുന്ന തിനും സർവ്വോപരി, ക്രിസ്തോന്മുഖമായ ഒരു ജീവിത ക്രമീകരണത്തി ലൂടെ, സമൂഹത്തിൽ ഉത്തമ പൗരന്മാരായി മാറുന്നതിനുംവേണ്ട ക്രിയാ ത്മകമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

മുൻവർഷങ്ങളിൽ, ഡയറക്ടർ ഫാ. ജെറോം കുന്നിൻപുറത്ത്, പ്രസിഡന്റ് ശ്രീ. ജോയ് ഫ്രാൻസിസ് മുല്ലശ്ശേരി, ജനറൽ ഓർഗനൈസർ സിസ്റ്റർ മേരി ഡൊമിനിക് ഡി.എം., ട്രഷറർ ശ്രീ. സുനിൽ കുമാർ വെണ്ണിയൂർ, ചെയർപേഴ്സൺ സോണിയ മോഹൻ, സെക്രട്ടറി അഭിൻ പിയോ എന്നിവരുടെ നേതൃത്വത്തിൽ സ്തുത്യർഹമായ പ്രവർത്തന ങ്ങളാണ് പ്രസ്ഥാനം കാഴ്ചവച്ചത്. ഈ കാലയളവിൽ, കുട്ടികളുടെ ആത്മീയവും, ഭൗതികവും, സാംസ്കാരികവുമായ മേഖലകളിലേക്ക് കടന്നുചെല്ലുവാനും, സംസ്ഥാനതലത്തിലുള്ള ക്യാമ്പുകളിലും മത്സര ങ്ങളിലും പങ്കെടുപ്പിക്കുവാനും സാധിച്ചിട്ടുണ്ട്. പാലായിൽ നടന്ന (കുറ വിലങ്ങാട് ദേവമാതാ കോളേജ്) സംസ്ഥാന കലോത്സവത്തിൽ, പാറ ശ്ശാല ഭദ്രാസനത്തെ പ്രതിനിധീകരിച്ച് എട്ട് കുട്ടികൾ പങ്കെടുക്കുകയും, സീനിയർ വിഭാഗം മലയാളം പ്രസംഗ മത്സരത്തിൽ, നെല്ലിമൂട് സെന്റ് ക്രിസോസ്റ്റം സ്കൂളിലെ ഐശ്വര്യ ഷിബു സമ്മാനാർഹയാവുകയും ചെയ്ത വിവരം ഈ അവസരത്തിൽ സന്തോഷത്തോടെ ഓർക്കുന്നു. 2020-21 പ്രവർത്തന വർഷത്തിൽ, ഡയറക്ടർ റവ. ഫാ. ജെറോം കുന്നിൻ പുറത്ത്, അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. ജോർജ്ജ് തോമസ് കരിമാങ്കുളം, പ്രസിഡന്റ് ശ്രീ. ജോയ് ഫ്രാൻസിസ് മുല്ലശ്ശേരി, ജനറൽ ഓർഗനൈസർ റവ. സിസ്റ്റർ മെർലിൻ ഫിലിപ്പ് ഡി.എം., ട്രഷറർ ശ്രീ. സുനിൽകുമാർ വെണ്ണിയൂർ, വൈസ് പ്രസിഡന്റുമാരായ റവ. സിസ്റ്റർ ടെസ്സിൻ എസ്. എച്ച്., റവ. സിസ്റ്റർ മെർലിൻ മരിയ ഡി.എം., എക്സിക്യൂട്ടീവ് സെക്രട്ടറി സെലിൻ ടീച്ചർ, ചെയർപേഴ്സൺ ജിസാ സാബു, സെക്രട്ടറി മെൽവിൻ എസ്. എം. എന്നിവരുടെ നേതൃത്വത്തിൽ പുതിയ ഭദ്രാസന സമിതി പ്രവർത്തിച്ചുവരുന്നു. കർമ്മനിരതരായ പ്രിയപ്പെട്ട അധ്യാപകരുടെയും മാതാപിതാക്കളുടേയും ശക്തമായ ഇടപെടലുകളിലൂടെ, നമ്മുടെ കുഞ്ഞുങ്ങൾ കത്തോലിക്കാ വിശ്വാസത്തിൽ അടിയുറച്ചു നിൽക്കുവാനും ഉത്തമപൗരന്മാരായി വളർന്നുവരുന്നതിനും നമുക്ക് പ്രാർത്ഥിക്കാം.

## 2020–21 പ്രവർത്തന വർഷത്തെ എക്സിക്യൂട്ടീവ് കൗൺസിൽ അംഗങ്ങൾ.





# എം.സി.വൈ.എം.

## അസ്സീസിയൻ സൗഹൃദം

എം.സി.വൈ.എം. പാറശ്ശാല ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ നടന്ന അസീസിയൻ സൗഹൃദ കൂട്ടായ്മ ഏറെ ഹൃദ്യവും പുതുമയുള്ള തുമായിരുന്നു. ഭദ്രാസന-വൈദിക ജില്ലാ ഭാരവാഹികളുടെ സല്ലാപ വേദിയിൽ പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത മുഖ്യാതിഥിയായിരുന്നു. വടകര മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയ കൂട്ടായ്മ ആതിഥേയത്വം വഹിച്ചു.

## സ്വാഗതം

പാറശ്ശാല ഭദ്രാസനത്തിലെ വൈദിക ജില്ലകളിലെ എം.സി.വൈ.എം. ഡയറക്ടർമാരായി ചുമതല ഏറ്റെടുത്ത ബഹു. ബഹു. ജോൺ പാലവിളകിഴക്കേതിലച്ചനും (പാറശ്ശാല), ബിജോയി ഊരാളിവിള അച്ചനും (നെയ്യാറ്റിൻകര), ബഹു. മാത്യു വെട്ടിയോടിത്തടത്തിലച്ചനും (ബാലരാമപുരം) പാറശ്ശാല ഭദ്രാസന യുവജനകുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം.

## കൃതജ്ഞത

പാറശ്ശാല ഭദ്രാസനത്തിലെ വിവിധ വൈദികജില്ലകളിലെ യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച ബഹു. ഫാ. ജോൺ പുന്നാര (പാറശ്ശാല) ബഹു. ഫാ. ജെറോം കുന്നിൻപുറത്ത് (ബാലരാമപുരം) ബഹു. ഫാ. ഷീൻ തങ്കാലയം (നെയ്യാറ്റിൻകര) എന്നിവർക്ക് ഭദ്രാസന യുവജനകുടുംബത്തിന്റെ ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു.

## തെരഞ്ഞെടുപ്പ് വിജ്ഞാപനം

പാറശ്ശാല ഭദ്രാസനത്തിലെ മലങ്കര കാത്തലിക്ക് യൂത്ത് മൂവ്

മെന്റിന്റെ (എം.സി.വൈ.എം.) യുവജനപ്രസ്ഥാനത്തിന്റെ നിലവിലെ ഭാരവാഹികളുടെ (യൂണിറ്റ്, വൈദികജില്ലാ, ഭദ്രാസന തലങ്ങളിലെ) ഔദ്യോഗിക കാലാവധി 2021 ഡിസംബർ 31-ന് അവസാനിക്കുന്നതാണ്. അടുത്ത രണ്ടുവർഷകാലത്തേയ്ക്കുള്ള (2022-23) ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് 2022 ജനുവരി 1 ന് മുമ്പ് പൂർത്തിയാക്കേണ്ടതാണ്. ആയതിനാൽ യൂണിറ്റ്, ജില്ലാ, ഭദ്രാസന തലങ്ങളിലെ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്. പാറശാല ഭദ്രാസനാദ്ധ്യക്ഷനും യുവജനപ്രസ്ഥാനത്തിന്റെ രക്ഷാധികാരിയുമായ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവിന്റെ നിർദ്ദേശപ്രകാരം പുതിയ തെരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം ഇതിനാൽ പുറപ്പെടുവിക്കുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ യുവജനപ്രസ്ഥാനത്തിലെ അംഗത്വത്തിനുള്ള പ്രായപരിധി 15 നും 30 നും ഇടയിൽ ആയതിനാൽ പുതിയ ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെടുന്നവർ 2022 ജനുവരി 31-ന് 30 വയസ് പൂർത്തിയാകാത്തവർ ആയിരിക്കണം.

## തെരഞ്ഞെടുപ്പ് തീയതി

| | |
|---|---|
| യൂണിറ്റു തലം | - 2021 നവംബർ 28 നകം |
| വൈദികജില്ലാതലം | - 2021 ഡിസംബർ 19 നകം |
| ഭദ്രാസനതലം | - 2021 ഡിസംബർ 26 |

## യൂണിറ്റുതലം

## വരണാധികാരി

ബഹു. യൂണിറ്റ് ഡയറക്ടർ (ഇടവക വികാരി) അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ആനിമേറ്റർ.

## ഭാരവാഹികൾ

1. പ്രസിഡന്റ്
2. വൈസ് പ്രസിഡന്റുമാർ-2 (ഒരാൾ വനിതയായിരിക്കണം)
3. സെക്രട്ടറി
4. ജോയിന്റ് സെക്രട്ടറിമാർ-2 (ഒരാൾ വനിതയായിരിക്കണം)
5. ട്രഷറർ
6. സിൻഡിക്കേറ്റ് അംഗങ്ങൾ -2 (ഒരാൾ വനിതയായിരിക്കണം)
7. സെനറ്റ് അംഗം -2 (ഒരാൾ വനിതയായിരിക്കണം)

## യോഗ്യതകൾ

- ഇടവകയിൽ കൂദാശാജീവിതം നയിക്കുന്നവർ ആയിരിക്കണം.
- ഉപരി ഘടകങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നവർ വിശ്വാസ പരിശീലന പഠനം 10-ാം ക്ലാസെങ്കിലും പാസായവർ ആയിരിക്കണം
- എം.സി.വൈ.എം. അംഗത്വം സ്വീകരിച്ച് രണ്ടുവർഷമായവർ മാത്രമേ യൂണിറ്റ് ഭാരവാഹിത്വം (പ്രധാന തസ്തികകൾ- പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, അതുപോലെ ഉപരിഘടകങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നവർ) ഏറ്റെടുക്കാവൂ.

## പൊതുനിർദ്ദേശങ്ങൾ

- യൂണിറ്റ് തെരഞ്ഞെടുപ്പിനെക്കുറിച്ച് ആക്ഷേപമുണ്ടെങ്കിൽ പരാതി രേഖാമൂലം രണ്ടു ദിവസത്തിനകം യൂണിറ്റ് ഡയറക്ടർക്ക് നൽകേണ്ടതാണ്. യൂണിറ്റ് ഡയറക്ടർ (ആവശ്യമെങ്കിൽ, ജില്ലാ ഡയറക്ടറുമായി ആലോചിച്ച്) അന്തിമ തീരുമാനം കൈക്കൊള്ളേണ്ടതാണ്.
- തെരഞ്ഞെടുപ്പ് പൂർത്തിയായാൽ പുതിയ ഭാരവാഹികളുടെ ലിസ്റ്റ് എത്രയും വേഗം ജില്ലാ ഡയറക്ടർക്ക് യൂണിറ്റ് ഡയറക്ടറുടെ ഒപ്പോടുകൂടി നൽകേണ്ടതാണ്.
- പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന ഭാരവാഹികൾ ഡിസംബർ 1 ന് മുമ്പായി യൂണിറ്റ് ഡയറക്ടറുടെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് ചുമതല ഏറ്റെടുക്കേണ്ടതാണ്.

# വൈദികജില്ലാതലം

## വരണാധികാരി

ബഹു. ജില്ലാ ഡയറക്ടർ

## ഭാരവാഹികൾ

1. പ്രസിഡന്റ്
2. വൈസ് പ്രസിഡന്റുമാർ - 2 (ഒരാൾ വനിതയായിരിക്കണം)
3. സെക്രട്ടറി
4. ജോയിന്റ് സെക്രട്ടറിമാർ - 2 (ഒരാൾ വനിതയായിരിക്കണം)
5. ട്രഷറർ
6. സിൻഡിക്കേറ്റ് അംഗങ്ങൾ - 4 (ഒരാളെങ്കിലും വനിതയായിരിക്കണം)
7. സെനറ്റ് അംഗങ്ങൾ - 2 (ഒരാൾ വനിതയായിരിക്കണം)

## യോഗ്യതകൾ

- യൂണിറ്റ് തലങ്ങളിൽ മുൻപ്രവർത്തി പരിചയമുള്ളവരായിരിക്കണം.
- നേതൃപാടവമുള്ളവരും സംഘാത്മക പ്രവർത്തനശൈലിയുള്ളവരും ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കുവാൻ സന്മനസ്സുള്ളവരും ആയിരിക്കണം.
- കത്തോലിക്കാ വിശ്വാസത്തോടു പ്രതിബദ്ധതയുള്ളവരും സഭാ ജീവിതത്തോട് ആഭിമുഖ്യമുള്ളവരും ആയിരിക്കണം.

## പൊതുനിർദ്ദേശങ്ങൾ

- ജില്ലാവരണാധികാരി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മതിയായ കൂടിയാലോചനകൾ ജില്ലാവികാരിയുമായി മുൻകൂട്ടി നടത്തേണ്ടതാണ്. തെരഞ്ഞെടുപ്പ് നടത്തിപ്പിന്റെ പൂർണചുമതല ജില്ലാ ഡയറക്ടർക്കാണ്. എന്നാൽ വിജ്ഞാപനത്തിലെ നിർദ്ദേശപ്രകാരം തെരഞ്ഞെടുപ്പ് നടക്കുന്നുവെന്ന് ജില്ലാവികാരി ഉറപ്പുവരുത്തേണ്ടതാണ്.
- ജില്ലാതല തെരഞ്ഞെടുപ്പ് ഭദ്രാസന ഡയറക്ടറുടെ സാന്നിധ്യത്തിലാണ് നടത്തപ്പെടുന്നത്.
- ഭദ്രാസന സിൻഡിക്കേറ്റായി തെരഞ്ഞെടുക്കപ്പെടുന്നവരിൽ 2 പേരെങ്കിലും ഭദ്രാസനതലത്തിൽ മുൻപരിചയം ഉള്ളവരായിരിക്കണം.
- തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ ആഗ്രഹിക്കുന്ന സിൻഡിക്കേറ്റ് അംഗങ്ങൾ നിശ്ചിതഫോമിൽ ജില്ലാ വരണാധികാരിയായ ജില്ലാ ഡയറക്ടർക്ക് യൂണിറ്റ് ഡയറക്ടറുടെ സാക്ഷ്യപത്രത്തോടൊപ്പം മുൻകൂട്ടി അറിയിക്കുന്ന തീയതിക്കകം നൽകേണ്ടതാണ്.
- ഒരു യൂണിറ്റിൽ നിന്ന് ഒരേ സ്ഥാനത്തേയ്ക്ക് രണ്ടുപേർ നോമിനേഷൻ നൽകാൻ പാടില്ല.
- ഒരു യൂണിറ്റിൽ നിന്ന് പ്രധാന പദവികളിലേയ്ക്ക് (പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ) ഒന്നിലധികം നോമിനേഷൻ നൽകാൻ പാടില്ല.
- സന്നിഹിതരായിരിക്കുന്ന സെനറ്റ് അംഗങ്ങളുടെ കേവലഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിലാണ് ജില്ലാതല തെരഞ്ഞെടുപ്പ് നടത്തുന്നത്. ആവശ്യമെങ്കിൽ രഹസ്യ ബാലറ്റ് ഉപയോഗിക്കാവുന്നതാണ്. ക്രിസ്തീയ ഉപവിയുടെ മൂല്യങ്ങൾ തെരഞ്ഞെടുപ്പിലുടനീളം ഉറപ്പുവരുത്തേണ്ടതാണ്.

- ജില്ലാ തെരഞ്ഞെടുപ്പിനെക്കുറിച്ച് ആക്ഷേപമുണ്ടെങ്കിൽ യൂണിറ്റ് ഡയറക്ടറുടെ അനുവാദത്തോടെ ജില്ലാ ഡയറക്ടർക്ക് മൂന്നു ദിവസത്തിനകം പരാതി രേഖാമൂലം നൽകേണ്ടതാണ്. ജില്ലാ ഡയറക്ടർ ജില്ലാവികാരി, ഭദ്രാസന ഡയറക്ടർ എന്നിവരുമായി ആലോചിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.
- പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന ഭാരവാഹികൾ 2022 ജനുവരി 1-നു മുമ്പായി ജില്ലാവികാരിയുടെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് ചുമതല ഏറ്റെടുക്കേണ്ടതാണ്. ജില്ലാ ഡയറക്ടർ പ്രതിജ്ഞ ചൊല്ലിക്കൊടുക്കേണ്ടതാണ്.

## പുതിയ ജില്ലാ സമിതികൾ

ഡിസംബർ മാസത്തിൽ നടന്ന ജില്ലാ സെനറ്റു സമ്മേളനങ്ങളിൽ വച്ച് 5 വൈദിക ജില്ലകളിലേയും പുതിയ ഭരണസമിതി അംഗങ്ങളെ ജില്ലാ ഡയറക്ടറുമാരുടെ നേതൃത്വത്തിൽ തെരഞ്ഞെടുത്തു. ജില്ലകളിലെ പുതിയ സമിതി അംഗങ്ങൾക്ക് ഭദ്രാസന യുവജന കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

## ബാലരാമപുരം വൈദിക ജില്ല

പ്രസിഡന്റ് - അജീഷ് ലാൽ (തിരുവല്ലം)

സെക്രട്ടറി - സുജിൻ (മുല്ലൂർ)

ട്രഷറർ - ജസ്റ്റിൻ (തിരുവല്ലം)

വൈസ് പ്രസിഡന്റുമാർ - എബി (പ്രാവച്ചമ്പലം), വിജി (ബാലരാമപുരം)

ജോയിന്റ് സെക്രട്ടറിമാർ - നഥന മേരി (മുല്ലൂർ), സഞ്ചു (പൊറ്റയിൽ)

രൂപതാ സിൻഡിക്കേറ്റ് - അരുൺ റ്റി. എസ്. (വെണ്ണിയൂർ), അമല (പ്രാവച്ചമ്പലം), അജിത്ത് (പാമാംകോട്), ആർഷൻ (വെണ്ണിയൂർ)

രൂപതാ സെനറ്റ് - രാഹുൽ (ഊക്കോട്), പ്രിയങ്ക (എരുത്താവൂർ)

## ചെമ്പൂർ വൈദിക ജില്ല

പ്രസിഡന്റ് - അനു (പന്ത)

സെക്രട്ടറി - അപർണ ജോസ് (കടമ്പറ)

ട്രഷറർ - സാജൻ ആർ.എൽ. (കുടപ്പനമൂട്)

വൈസ് പ്രസിഡന്റുമാർ - ജോബിൻ കെ. എസ്. (നീരാഴിക്കോണം), ജീന ജോർജ്ജ് (പനച്ചമൂട്)

ജോയിന്റ് സെക്രട്ടറിമാർ - സുജിത്ത് എസ്. (മൈലക്കര),

ഗ്രീഷ്മ ആർ. ജി. (കുടപ്പനമൂട്)

രൂപതാ സിൻഡിക്കേറ്റ് - ശരത്‌ലാൽ ടി. എസ്. (ചെമ്പൂര്), റെജി രാജ് (കുടയാൽ), സെലിൻ ചന്ദ്രബാബു (മഞ്ചംകോട്), മാർട്ടിൻ ആർ. പി. (പനച്ചമൂട്)

രൂപതാ സെനറ്റ് - അഞ്ജന എസ്.എസ്. (ആനക്കുഴി),

സിജോ (ഒറ്റശേഖരമംഗലം)

## കാട്ടാക്കട വൈദിക ജില്ല

പ്രസിഡന്റ് - പിയൂഷ് പോൾ (കണ്ടല)

സെക്രട്ടറി - അജിത്ത് എസ്. (പേഴുമ്മൂട്)

ട്രഷറർ - അപർണാ വിൽസൺ (പുന്നാവൂർ)

വൈസ് പ്രസിഡന്റുമാർ - ജിജോ രാജ് (കാട്ടാക്കട),

ലിനി രാജ് (തൂങ്ങാംപാറ)

ജോയിന്റ് സെക്രട്ടറിമാർ - അനീഷ് അമൽ (പൊന്നെടുത്തക്കുഴി),

ശില്പ സി. വി. (കല്ലാമം)

രൂപതാ സിൻഡിക്കേറ്റ് - ശ്യാംരാജ് ആർ എസ്. (കാനക്കുഴി), ആതിര എസ്. (തച്ചോട്ടുകാവ്), സോന എസ്.ബി. (തൊഴുക്കൽക്കോണം), അക്ഷയ് ദാസ് (കാട്ടുവിള)

രൂപതാ സെനറ്റ് - സോജ വി. റ്റി. (കണ്ടല), ദീപു വി. (പുനലാൽ)

## നെയ്യാറ്റിൻകര വൈദിക ജില്ല

പ്രസിഡന്റ് - അരുൺ എം. എസ്. (ചായ്ക്കോട്ടുകോണം)

സെക്രട്ടറി - ജീനാ രാജ് (ചെമ്പരത്തിവിള)

ട്രഷറർ - റിജോയി ബി.എസ്. (കാഞ്ഞിരംകുളം)

വൈസ് പ്രസിഡന്റുമാർ - ജോബി ജെ. എം. (ചെമ്പരത്തിവിള),

മൃദുല ആർ.എം. (റസ്സൽപുരം)

ജോയിന്റ് സെക്രട്ടറിമാർ - അലക്സ് സി. ദാസ് (പാമ്പുകാല),

ജാസ്മിൻ എസ്.എം. (കണ്ണറവിള)

രൂപതാ സിൻഡിക്കേറ്റ് - ജിജോ ഇമ്മാനുവേൽ (റസ്സൽപുരം), ജിൻസി ഡി.എസ്. (വിരാലി), സുനോജ് എസ്. എൽ (ചെമ്പരത്തിവിള), അഖിൽ എ. എസ്. (പൂവാർ)

രൂപതാ സെനറ്റ് - അരുണാ എം,എസ്. (കൊടങ്ങാവിള),
അലൻ തങ്കച്ചൻ (ചായ്ക്കോട്ടുകോണം)

## പാറശ്ശാല വൈദിക ജില്ല

പ്രസിഡന്റ് - അഡ്വ. ആന്റോ ഉദയൻ (ചെറുവാരക്കോണം)

സെക്രട്ടറി - അനൂപ് ദാസ് (നല്ലൂർവട്ടം)

ട്രഷറർ - ആദർശ് എഫ്. എ. (പഴയ ഉച്ചക്കട)

വൈസ് പ്രസിഡന്റുമാർ - മീതു ജോസ് കെ. എസ്. (കുടയാൽ),
അജിൻ റ്റി. എൽ. (കുഴിഞ്ഞാൻവിള)

ജോയിന്റ് സെക്രട്ടറിമാർ - വിജി വർഗീസ് (കുളത്താമൽ),
സാം ജോൺ (അമ്പിളികോണം)

രൂപതാ സിൻഡിക്കേറ്റ് - ഏയ്ഞ്ചൽ മേരി (ചെറുവാരക്കോണം), അഗസ്റ്റിൻ ജോൺ (കത്തീഡ്രൽ) ഷിബു ആർ (കുടയാൽ), ഡോ. ഷെറിൻ എസ് (അരുവാംകോട്)

രൂപതാ സെനറ്റ് - അഡ്വ. നീതു എൽ. ശേഖർ (അരുവിയോട്), ജിബിൻ കുമാർ (കുളത്താമൽ)

എക്സ് ഒഫിഷ്യോ - പ്രമോദ് (അമ്പിളികോണം)

## പാറശ്ശാല രൂപതാ സെനറ്റ്

പാറശ്ശാല ഭദ്രാസനത്തിലെ യുവജന പ്രസ്ഥാനത്തിന്റെ 2021 വർഷത്തെ വാർഷിക സെനറ്റ് 2021 ഡിസംബർ 26 ഞായറാഴ്ച ഉച്ചയ്ക്കുശേഷം കുടയാൽ ജപമാല രാജ്ഞി ദൈവാലയത്തിൽ വച്ച് നടന്നു. 1.30ന് രജിസ്ട്രേഷനോടുകൂടി ആരംഭിച്ച സെനറ്റിന് ആമുഖമായി യുവജനങ്ങൾ കരുണക്കൊന്ത ചൊല്ലി പ്രാർത്ഥിച്ചു. കൃത്യം രണ്ടു മണിക്ക് പാറശ്ശാല വൈദികജില്ലാ ആനിമേറ്റർ ബഹു. സിസ്റ്റർ കീർത്തി എസ്.ഐ.സി. യുവജന പ്രസ്ഥാനത്തിന്റെ പതാക ഉയർത്തി. ഭദ്രാസന പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ പൊന്നെടുത്തക്കുഴിയുടെ അദ്ധ്യക്ഷതയിൽ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ ജനറൽ സെക്രട്ടറി ഏയ്ഞ്ചൽ മേരി സ്വാഗതവും, ഭദ്രാസന ഡയറക്ടർ ബഹു. പ്രഭീഷ് ജോർജ്ജ് അച്ചൻ ആമുഖ പ്രഭാഷണവും നടത്തി. ഭദ്രാസന ഫിനാൻസ് ഓഫീസർ ബഹു. ഡോ. ഫാ. ബർണാർഡ് വലിയവിള സെനറ്റ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ.

അഗസ്റ്റിൻ ജോൺ സെനറ്റിന് ആശംസകൾ നേർന്നു. തുടർന്ന് നടന്ന റിപ്പോർട്ടവതരണത്തിൽ ഭദ്രാസന വൈസ് പ്രസിഡന്റുമാരായ സെലിൻ ചന്ദ്രബാബു, അരുൺ ടി.എസ്. എന്നിവർ മോഡറേറ്ററുമാരായിരുന്നു. 5 വൈദിക ജില്ലകളും 2021 വർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് ഏയ്ഞ്ചൽ മേരി ഭദ്രാസന സമിതിയുടെ റിപ്പോർട്ടും ട്രഷറാർ ജഗിൻരാജ് വാർഷിക കണക്കും അവതരിപ്പിച്ച് പാസാക്കി. സംഘടനാ ചർച്ചയ്ക്ക് ഭദ്രാസന ഡയറക്ടർ മോഡറേറ്ററായിരുന്നു. ഭദ്രാസനാദ്ധ്യക്ഷൻ സെനറ്റ് സന്ദർശിക്കുകയും സന്ദേശം നൽകുകയും ചെയ്തു. തദവസരത്തിൽ വൈദിക പട്ടാഭിഷേക വാർഷികം ആഘോഷിക്കുന്ന വൈദികർ അഭിവന്ദ്യ പിതാവിനോട് ചേർന്ന് ക്രിസ്തുമസ് സന്തോഷം പങ്കുവച്ച് കേക്ക് മുറിച്ചു. തുടർന്ന് നടന്ന ഭദ്രാസന തല തെരഞ്ഞെടുപ്പിന് ഭദ്രാസന വരണാധികാരിയായ ബഹു. ഡയറക്ടറച്ചനും അസി. ഡയറക്ടർ ബഹു. വിമൽ വിൻസെന്റ് അച്ചനും നേതൃത്വം നൽകി. 2022, 2023 കാലയളവിലെ പുതിയ ഭാരവാഹികളെ തദവസരത്തിൽ തെരഞ്ഞെടുത്തു. മുൻകാല പ്രസിഡന്റുമാരായ ശ്രീ. ഷൈൻ കുടയാൽ, ശ്രീ. ജസ്റ്റിൻ പൊന്നെടുത്തക്കുഴി എന്നിവർ പുതിയ സമിതിക്ക് ആശംസകൾ അറിയിച്ചു. നിയുക്ത പ്രസിഡന്റ് ശ്രീ. ശരത്ലാൽ മറുപടി പ്രസംഗവും നടത്തി. വൈദികജില്ലാ സമിതി അംഗങ്ങൾ, ജില്ലാ ഡയറക്ടറച്ചന്മാർ, ആനിമേറ്റർ സിസ്റ്റേഴ്സ്, നിലവിലെ ഭദ്രാസന ഭാരവാഹികൾ എന്നിവർ ഭദ്രാസന സെനറ്റിൽ പങ്കെടുത്തു. ജനറൽ സെക്രട്ടറി ഏയ്ഞ്ചൽ മേരി എല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചു. സമാപന പ്രാർത്ഥനയ്ക്കു ശേഷം 6.30-ഓടുകൂടി ഭദ്രാസന സെനറ്റ് സമാപിച്ചു.

## പുതിയ ഭാരവാഹികൾ

| | |
|---|---|
| പ്രസിഡന്റ് | : ശരത്ലാൽ ടി. എസ്. (ചെമ്പൂർ) |
| വൈസ് പ്രസിഡന്റുമാർ | : ജിൻസി ഡി. എസ്. (വിരാലി) |
| | : ശ്യാംരാജ് ആർ. എസ്. (കാനക്കുഴി) |
| ജനറൽ സെക്രട്ടറി | : അരുൺ റ്റി.എസ്. (വെണ്ണിയൂർ) |
| സെക്രട്ടറിമാർ | : ആതിര എസ്. (തച്ചോട്ടുകാവ്) |
| | : അമല രാജ് (പ്രാവച്ചമ്പലം) |
| | : ആർഷൻ (വെണ്ണിയൂർ) |
| ട്രഷറർ | : ഷിബു ആർ (കുടയാൽ) |

സഭാതല സിൻഡിക്കേറ്റ് : ഏയ്ഞ്ചൽ മേരി (ചെറുവാരക്കോണം)

: ജിജോ ഇമ്മാനുവേൽ (റസ്സൽപുരം)

KCYM സിൻഡിക്കേറ്റ് : അഗസ്റ്റിൻ ജോൺ (കത്തീഡ്രൽ)

: ഡോ. ഷെറിൻ എസ് (അരുവാംകോട്)

KCYM സെനറ്റ് : റെജി രാജ് (കുടയാൽ)

: സെലിൻ ചന്ദ്രബാബു (മഞ്ചംകോട്)

പ്രോഗ്രാം കോർഡിനേറ്റർ : അക്ഷയ് ദാസ് (കാട്ടുവിള)



# എം.സി.എ.



## ജില്ലാ നേതൃ സംഗമം




മലങ്കര കാത്തലിക് അസോസിയേഷൻ പാറശ്ശാല ഭദ്രാസന സമിതിയുടെ ആഭിമുഖ്യത്തിൽ നേതൃസംഗമം ബാലരാമപുരം വൈദിക ജില്ലയിലെ എരുത്താവൂർ തിരുഹൃദയ മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് സംഘടിപ്പിച്ചു. ജില്ലാ പ്രസിഡന്റ് അഡ്വ. രാജയ്യൻ പതാക ഉയർത്തി, പ്രതിജ്ഞ ഭദ്രാസന സെക്രട്ടറി സബീഷ് പീറ്റർ ചൊല്ലുകയും ചെയ്തു. തുടർന്ന് 'എം.സി.എ. ഭരണഘടനയും നേതൃത്വവും സമൂഹ പുരോഗതിയിൽ' എന്ന വിഷയത്തെ ആസ്പദമാക്കി സിനഡൽ കമ്മീഷൻ സെക്രട്ടറിയും ക്ഷേമ എക്സിക്യൂട്ടീവ് ഡയറക്ടറുമായ ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ ക്ലാസുകൾ എടുത്തു. ജില്ലാ നേതൃസംഗമം ബഹുമാനപ്പെട്ട ഭദ്രാസന സ്പിരിചൽ ഡയറക്ടർ വെരി. റവ. ഫാ. ഹോർമിസ് പുത്തൻവീട്ടിൽ ഉദ്ഘാടനം ചെയ്തു. ആമുഖപ്രഭാഷണം റവ. ഫാ. തോമസ് കോയിപ്പുറത്ത് നടത്തി. ജില്ലാ വികാരി റവ. ഫാ. സാമുവൽ പുത്തൻപുരയിൽ അനുഗ്രഹപ്രഭാഷണം നടത്തി. ജില്ലാ പ്രസിഡന്റ് അഡ്വ. രാജയ്യൻ അധ്യക്ഷത വഹിച്ചു പ്രസ്തുത മീറ്റിംഗിൽ യുണിറ്റ് ഡയറക്ടർ റവ. ഫാ. മാത്യൂ വെട്ടിയോടിതടത്തിൽ, ഭദ്രാസന പ്രസിഡന്റ് ധർമ്മരാജ് പിൻകുളം ഭദ്രാസന ജനറൽ സെക്രട്ടറി സബീഷ് പീറ്റർ തിരുവല്ലം എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ജില്ലാ സെക്രട്ടറി ഷാജി നസ്രത്ത് സ്വാഗതവും ഇടവക ട്രസ്റ്റി ഷിജിൻ നന്ദിയും ആശംസിച്ചു. മുൻകാല ഭാരവാഹികളെ

ആദരിക്കുന്ന ചടങ്ങ് സംഘടിപ്പിക്കുകയും സംസ്ഥാന അദ്ധ്യാപക അവാർഡ് ജേതാവ് ഷാജി വെണ്ണിയൂരിനെയും എസ്.എസ്.എൽ.സി. ക്ക് ഉയർന്ന വിജയം നേടിയ നവ്യ കടമ്പറയ്ക്ക് പതിനായിരം രൂപയും പ്രശസ്തി പത്രവും നൽകുകയും തുടർന്ന് ഹയർ സെക്കൻഡറി പരീക്ഷയ്ക്ക് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ച കുട്ടികളെ ആദരിക്കുകയും ചെയ്തു.

## ഭാഗ്യസ്മരണാർഹനായ ലോറൻസ് മാർ അപ്രേം അനുസ്മരണ പഠന ശിബിരം



ഭാഗ്യസ്മരണാർഹനായ ലോറൻസ് മാർ അപ്രേം അനുസ്മരണ പഠനശിബിരം 2021 ഡിസംബർ 19-ാം തീയതി ഞായറാഴ്ച കോട്ടവിള കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടത്തി. ബഹു. ക്രിസ്റ്റഫർ OIC അച്ചൻ പഠനശിബിരത്തിൽ വിഷയാവതരണം നടത്തി. തുടർന്ന് അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങളെക്കുറിച്ചും പ്രവർത്തനത്തെക്കുറിച്ചും കുടുംബത്തെക്കുറിച്ചും സഭയുടെ നന്മയ്ക്കായി പിതാവ് ചെയ്ത പ്രവർത്തനങ്ങളെക്കുറിച്ചും വിശദമായി അച്ചൻ വിഷയാവതരണം നടത്തി. ആമുഖപ്രഭാഷണം നടത്തിയ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ് അദ്ദേഹവും പിതാവും തമ്മിലുള്ള അനുഭവങ്ങൾ പങ്കുവയ്ക്കുകയുണ്ടായി. വിശുദ്ധമായ ഒരു ജീവിതമാണ് അദ്ദേഹം നയിച്ചിരുന്നതെന്ന അനുഭവവും പങ്കുവച്ചു. തുടന്ന് ഉപസംഹാര പ്രസംഗം നടത്തിയ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് തിരുമേനി പിതാവിന്റെ സംഭാവനകളെക്കുറിച്ചും, അദ്ദേഹം സഭയ്ക്ക് ആകമാനം നൽകിയ

എളിമയുടെ ജീവിത സന്ദേശം മാതൃകാപരമാണെന്നും അറിയിച്ചു. പിതാവുമായി പ്രവർത്തിച്ചവർ അവരുടെ അനുഭവങ്ങൾ പങ്കുവെച്ചു. ഫാ. ഹോർമീസ് പുത്തൻവീട്ടിൽ മോഡറേറ്റർ ആയിരുന്നു. ഫാ. സ്റ്റീഫൻ, ധർമ്മരാജ് പിൻകുളം, സബീഷ് പീറ്റർ തിരുവല്ലം എന്നിവർ പ്രസംഗിച്ചു. വെരി. റവ. മോൺ. എസ്. വർഗ്ഗീസ്, വെരി. റവ. മോൺ. ജോസ് കോണത്തുവിള, ഫാ. മരിയാർപുതം, ഫാ. വർഗ്ഗീസ് വട്ടപ്പറമ്പിൽ, ഫാ. പ്രഭീഷ് ജോർജ്ജ്, ഫാ. ജെയിംസ് നുള്ളിക്കാട്, ഫാ. ഷിബു, കൂടാതെ എം.സി.എ. പാറശ്ശാല ഭദ്രാസന സമിതി ഭാരവാഹികളും പങ്കെടുത്തു.

## എം.സി.എ. നേതൃത്വ പരിശീലനം



പാരിഷ് കാരിത്താസ് സംഘ രൂപീകരണത്തിന്റെ ഭാഗമായി നെയ്യാറ്റിൻകര വൈദികജില്ലയിലെ എം.സി.എ. ഭാരവാഹികൾക്കായി ഒരു നേതൃപരിശീലന ശില്പശാല സംഘടിപ്പിക്കുകയുണ്ടായി. ജില്ലാ വികാരി ഫാ. ആന്റണി പ്ലാംപറമ്പിൽ, എം.സി.എ. രൂപതാ വൈദിക ഉപദേഷ്ടാവ് ഫാ. ഹോർമീസ് പുത്തൻവീട്ടിൽ ഇടവക വികാരിമാർ, സിസ്റ്റേഴ്സ്, എം.സി.എ. യുടെ ഭദ്രാസന, മേഖല, യൂണിറ്റ് ഭാരവാഹികൾ എന്നിവർ ഈ പരിപാടിയിൽ സംബന്ധിക്കുകയുണ്ടായി. സാമൂഹ്യ പുരോഗതിയിൽ എം.സി.എ. യുടെ പങ്ക് എന്ന വിഷയത്തെ ആസ്പദ മാക്കി ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ ക്ലാസ്സ് നയിച്ചു.

.



# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ സഹായവിതരണം





സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ പാറശ്ശാല സെൻട്രൽ കൗൺസിലിന്റെ നേതൃത്വത്തിൽ പനയറയ്ക്കൽ ദൈവാലയത്തിലെ 3 കുടുംബങ്ങൾക്ക് സ്വയംതൊഴിനായി തയ്യൽ മെഷീനും ഒരു കുടുംബത്തിന് ഒരാട്ടിൻകുട്ടിയും രണ്ട് കിടപ്പുരോഗികൾക്ക് ധനസഹായവും 2021 ഡിസംബർ 12-ാം തീയതി വിതരണം ചെയ്തു.



# സെമിനാരി വാർത്തകൾ

## ദൈവവിളി ക്യാമ്പ്



പാറശ്ശാല ഭദ്രസനത്തിൽ പുരോഹിതരാകാൻ ആഗ്രഹമുള്ള ആൺകുട്ടികൾക്കായി 2021 ഡിസംബർ 27 ന് സ്നേഹദീപം മൈനർ സെമി നാരിയിൽ വച്ച് ദൈവവിളി ക്യാമ്പ് നടത്തി. അന്നേദിവസം രാവിലെ 10 മണിയ്ക്ക് അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വിശുദ്ധ കുർബാനയർപ്പിച്ച് ക്യാമ്പ് ആരംഭിച്ചു. ക്യാമ്പിൽ പങ്കെടുക്കാനെത്തിയവരിൽ പത്താം ക്ലാസിനും അതിന് മുകളിലുമുള്ള കുട്ടികളെ പ്രത്യേകം ഗ്രൂപ്പായി തിരിച്ച് അഭിവന്ദ്യ പിതാവും സ്നേഹ ദീപം മൈനർ സെമിനാരി റെക്ടർ ബഹുമാനപ്പെട്ട ഫാ. അലോഷ്യസ് തുണ്ടു തട്ടും ക്ലാസ്സുകൾ നയിച്ചു. പത്താം ക്ലാസ്സിന് താഴെയുള്ള കുട്ടികൾക്കായി ബഹുമാനപ്പെട്ട ഫാ. ബനഡിക്ട് വാറുവിള, ഡീക്കൻ ജോഷ്വ, ബ്രദർ അനു, ബ്രദർ അഖിൽ, ബ്രദർ അഭിലാഷ്, ബ്രദർ ആന്റോ എന്നിവർ ക്ലാസുകൾ നയിച്ചു. മൈനർ സെമിനാരി ബ്രദേഴ്സിന്റെയും മേജർ സെമിനാരി ബ്രദേഴ്സിന്റെയും സാന്നിധ്യം ക്യാമ്പിലുടനീളമുണ്ടായിരുന്നു. വൈകുന്നേരം 3:30 ന് ദിവ്യകാരുണ്യാരാധന യോടെ ദൈവവിളി ക്യാമ്പ് സമാപിച്ചു.



# Kshema Integrated Development Society (KIDS)

## വോളണ്ടിയേഴ്സ് സംഗമം



കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന സുധീർ പ്രോജക്ടിന്റെ വോളണ്ടിയേഴ്സ് സംഗമം 14-11-21ന് കൊടങ്ങാവിള ക്ഷേമ ഓഫീസിൽ വച്ച് നടത്തി. പാറശ്ശാല ഭദ്രാസന വികാരി ജനറാൽ വെരി. റവ. ഫാ. ജോസ് കോണത്തുവിള അധ്യക്ഷനായിരുന്നു. വോളണ്ടിയേഴ്സിനു പാരിതോഷികം നൽകുകയും ചെയ്തു. കോർഡിനേറ്റർ ജിൻസി ആശംസകൾ അർപ്പിച്ചു. ഡയറക്ടറും സ്റ്റാഫ് അംഗങ്ങളും പരിപാടികൾക്ക് നേതൃത്വം നൽകി.

## മാർഗ്ഗരേഖയുടെ വിതരണം

നവംബർ മാസം പതിനൊന്നാം തീയതി കൊടങ്ങാവിളയിൽ വച്ച് നടത്തിയ വോളണ്ടിയേഴ്സ് സംഗമത്തിൽ പങ്കെടുത്ത സന്നദ്ധപ്രവർത്തകർക്ക് കാരിത്താസ് ഇന്ത്യ നൽകിയ ദുരന്ത നിവാരണ മാർഗ്ഗരേഖ വിതരണം ചെയ്തു. ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ഇടപെട്ട്



പ്രവർത്തിക്കുന്നവർക്ക് ഈ മാർഗ്ഗരേഖ സഹായകരമാണെന്ന് ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ തന്റെ ആശംസാപ്രസംഗത്തിൽ പങ്കുവയ്ക്കു കയുണ്ടായി.

## സൈക്ലത്തോൺ സംഘടിപ്പിച്ചു

കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ കേരളത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ആശാകിരണം ക്യാൻസർ കെയർ പദ്ധതി യുടെ ഭാഗമായി അന്താരാഷ്ട്ര സ്തനാർബുദ മാസാചാരണത്തിനോട നുബന്ധിച്ച് കാൻസറിനെക്കുറിച്ച് അവബോധം നൽകുവാൻ കാരിത്താസ് ഇന്ത്യ സംഘടിപ്പിച്ച സൈക്ലത്തോണിൽ ക്ഷേമയിൽ നിന്നും 25 അംഗ ങ്ങൾ പങ്കെടുക്കുകയുണ്ടായി. പട്ടം കത്തീഡ്രൽ ദൈവാലയം മുതൽ വെള്ളയമ്പലം ആനിമേഷൻ സെന്റർ വരെയാണ് സൈക്കിൾ റാലി നടത്തിയത്. മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ അധ്യക്ഷപദം അലങ്കരിച്ച യോഗത്തിൽ ഗതാഗത വകുപ്പ് മന്ത്രി ശ്രീ. ആന്റണി രാജു പരിപാടി ഉദ്ഘാടനം ചെയ്തു. ഭദ്രാസന ഡയറക്ടർ മാർ, കാരിത്താസ് സ്റ്റാഫ് അംഗങ്ങൾ, പ്രോജക്ട് കോർഡിനേറ്റർമാർ എന്നിവർ പ്രസ്തുത പരിപാടിയിൽ സംബന്ധിച്ച് നേതൃത്വം നൽകി.

## പാരിഷ് കാരിത്താസ് സംഘ രൂപീകരണം

ക്ഷേമയും എം.സി.എ. യുമായി സഹകരിച്ച് ബാലരാമപുരം എരുത്താവൂർ പള്ളിയിൽ വച്ച് 2021 നവംബർ 28-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് ബാലരാമപുരം വൈദികജില്ലയിലെ എം.സി.എ. ഭാരവാഹി കൾക്കായി ഒരു നേതൃത്വ പരിശീലന സെമിനാർ സംഘടിപ്പിച്ചു. നൂറോളം അംഗങ്ങൾ പങ്കെടുത്ത സെമിനാറിന് ജില്ലാ വികാരി ഫാ. സാമുവൽ പുത്തൻപുരയിൽ, ഫാ. ഹോർമീസ് പുത്തൻവീട്ടിൽ, ഫാ. തോമസ് കോയി പ്പുറം, ഫാ. മാത്യു വെട്ടിയോടിത്തടം എന്നിവർ നേതൃത്വം നൽകി. ഫാ.



ജോർജ് വെട്ടിക്കാട്ടിൽ ക്ലാസുകൾ നയിച്ചു. ഇടവകകൾ കേന്ദ്രീകരിച്ച് നടത്തുന്ന സാമൂഹ്യവികസന ഇടപെടലുകളിൽ എം.സി.എ.യുടെ പങ്കാളിത്തം അനിവാര്യമാണെന്ന് യോഗം നിർദ്ദേശിക്കുകയുണ്ടായി.



## മാതൃവേദി

### മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

ചെമ്പൂർ വൈദിക ജില്ലയിലെ മാതൃവേദി അംഗങ്ങൾക്കു വേണ്ടി ഒരു സ്തനാർബുദ പരിശോധനയും ബോധവൽക്കരണ ക്ലാസ്സും സംഘടിപ്പിക്കുകയുണ്ടായി. ഫാ. ജോസഫ് മേക്കുംകര അധ്യക്ഷപദം അലങ്കരിച്ച യോഗം ഫാ. ജോസ് പാറയിൽകട ഉദ്ഘാടനം ചെയ്തു. നെടുമങ്ങാട് IMA യും KIMS ആശുപത്രിയുമായി സഹകരിച്ചാണ് ഈ പരിപാടി നടത്തിയത്. ക്ലാസ്സുകൾക്ക് ഡോ. ഹേമ ഫ്രാൻസിസ് നേതൃത്വം നൽകി. ഈ ക്യാമ്പ് സുഗമമായി നടത്തുന്നതിന് എല്ലാ സഹായസഹകരണങ്ങളും നൽകിയത് ഫാ. ബോസ്കോ, സെന്റ് ജോസഫ് പബ്ലിക് സ്കൂൾ പ്രിൻസിപ്പാൾ ഫാ. ജസ്റ്റിൻ, സ്റ്റാഫ് അംഗങ്ങൾ മാതൃ വേദി മേഖലാ ഭാരവാഹികൾ തുടങ്ങിയവരാണ്. ആശാകിരണം കോർഡിനേറ്റർ ശ്രീ. പ്രവീൺ നന്ദിയും ഫാ. ജോർജ് വെട്ടിക്കാട്ടിൽ സ്വാഗതവും അർപ്പിക്കുകയും ചെയ്തു. സ്തനാർബുദ പരിശോധന ക്യാമ്പ് അമ്മമാർക്ക് സഹായകരമായി.

## തെരഞ്ഞെടുപ്പിനുള്ള  വിജ്ഞാപനം

പാറശ്ശാല ഭദ്രാസനത്തിന്റെ വളർച്ചയിൽ മാതൃവേദിയുടെ പങ്ക് ഏറെ ശ്രദ്ധേയമാണ്. നിലവിലെ ഭാരവാഹികളുടെ പ്രവർത്തന കാലയളവ് കോവിഡിന്റെ പശ്ചാത്തലത്തിൽ നീട്ടിയിരുന്നത് പൂർത്തിയാകുന്നു. ആയതിനാൽ ഇടവക, ജില്ലാ, ഭദ്രാസന തലങ്ങളിലേയ്ക്കുള്ള പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കേണ്ടത് അനിവാര്യമാണ്. പാറാശ്ശാല ഭദ്രാസനാദ്ധ്യക്ഷനായ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായുടെ അനുവാദത്തോടെ പുതിയ തെരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം ഇതിനാൽ പുറപ്പെടുവിക്കുന്നു.

പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിന് ബഹു. ഇടവക വികാരിമാർ, ജില്ലാ ഡയറക്ടർമാർ, സിസ്റ്റർ ആനിമേറ്റർ എന്നിവരുടെ ആത്മാർത്ഥ സഹകരണം പ്രതീക്ഷിക്കുന്നു.

## തെരഞ്ഞെടുപ്പ് സംബന്ധിച്ച് ക്രമീകരണം

### ഇടവകതലം

ഇടവകയിലെ മാതൃവേദി യൂണിറ്റ് ഏഴ് ഭാരവാഹികളെ തെരഞ്ഞെടുക്കണം. പ്രസിഡന്റ്, വൈസ്പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ, 2 സിൻഡിക്കേറ്റ് മെമ്പേഴ്സ് എന്നിവരെയാണ് തെരഞ്ഞെടുക്കേണ്ടത്. ഇടവകയിൽ തെരഞ്ഞെടുക്കപ്പെടുന്ന ഭാരവാഹികളാണ് ജില്ലാ പ്രതിനിധികൾ. ഇടവകതല തെരഞ്ഞെടുപ്പിനു ശേഷം ഭാരവാഹികളുടെ ലിസ്റ്റ്, ഒരു കോപ്പി ജില്ലാ ഡയറക്ടർക്കും ഒരു കോപ്പി ഭദ്രാസന ഡയറക്ടർക്കും നൽകണം.

തെരഞ്ഞെടുക്കപ്പെടുന്ന 7 ഭാരവാഹികൾക്കും ജില്ലയിൽ വോട്ടവകാശം ഉണ്ടായിരിക്കും. സിൻഡിക്കേറ്റ് മെമ്പേഴ്സിനാണ് ജില്ലാഭാരവാഹികളാകാൻ അവകാശമുള്ളത്.

### ജില്ലാതലം

ഒരു ജില്ലയിൽപ്പെട്ട എല്ലാ പള്ളികളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട മാതൃവേദി ഭാരവാഹികൾ ചേരുന്നതാണ് ജില്ലാ ജനറൽ ബോഡി. ഇവരിൽ നിന്ന് ജില്ലാ ഭാരവാഹികളെ തെരഞ്ഞടുക്കണം. ഒരോ ജില്ലയ്ക്കും പ്രസിഡന്റ്, വൈസ്പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ, 2 സിൻഡിക്കേറ്റ് മെമ്പേഴ്സ് എന്നിവർ ഉണ്ടായിരിക്കണം.

ജില്ലാ ഡയറക്ടറും സിസ്റ്റർ ആനിമേറ്ററും തെരഞ്ഞെടുക്കട്ടെ ഭാരവാഹികളും ഉൾപ്പെടുന്ന സമിതി ആയിരിക്കും ജില്ലാ ഭരണസമിതി. തെര

ഞ്ഞെടുപ്പ് പൂർത്തിയായാൽ ഭാരവാഹികളുടെ ലിസ്റ്റ് ജില്ലാ ഡയറക്ടർ സാക്ഷ്യപ്പെടുത്തി ഭദ്രാസനം ഡയറക്ടർക്ക് നൽകണം. തെരഞ്ഞെടുക്കപ്പെടുന്ന 7 ഭാരവാഹികൾക്കും ഭദ്രസനത്തിൽ വോട്ടവകാശം ഉണ്ടായിരിക്കും. സിൻഡിക്കേറ്റ് മെമ്പേഴ്സിനാണ് ഭദ്രാസന ഭാരവാഹികളാകാൻ അവകാശമുള്ളത്.

## തെരഞ്ഞെടുപ്പ് തീയതികൾ

**ഇടവകതലം** : 2021 ഡിസംബർ 19 ന് മുമ്പ് തെരഞ്ഞെടുപ്പ് നടത്തി ലിസ്റ്റ് ജില്ല ഡയറക്ടർക്ക് എത്തിക്കുക.

**ജില്ലാതലം** : 2021 ഡിസംബർ 26 ന് ലിസ്റ്റ് ഭദ്രാസന ഡയറക്ടർക്ക് എത്തിക്കുക.

**ഭദ്രാസനതലം** : 2022 ജനുവരി 2

പ്രത്യേക ശ്രദ്ധയ്ക്ക്

1. വിവാഹിതരായ എല്ലാ സ്ത്രീകളും 30 വയസ്സിന് മുകളിലുള്ളവരും മാതൃവേദിയിൽ അംഗങ്ങളാണ്.
2. സഭയിലും, വിശ്വാസത്തിലും, ആത്മീയകര്യങ്ങളിലും തൽപരരും, സംഘടനാശേഷിയുള്ളവരും ഇടവകയിലെ പ്രവർത്തനങ്ങളിൽ സജീവമായവരും ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെടണം.
3. ജില്ലാതല സമിതിയിലേയ്ക്ക് സിൻഡിക്കേറ്റ് അംഗങ്ങളായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഇടവകയിൽ സജീവ പ്രവർത്തകരും ഇടവക തല പ്രവർത്തനങ്ങളിൽ മുൻ പ്രവർത്തി പരിചയവും ഉണ്ടായിരിക്കണം.
4. ഭാരവാഹികളുടെ ലിസ്റ്റ് തയ്യാറാക്കുമ്പോൾ പൂർണ്ണമായ മേൽവിലാസം, പിൻകോഡ്, ടെലഫോൺ നമ്പർ, ഇടവക ഇവ ചേർത്തിരിക്കണം.
5. ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിന് യൂണിറ്റ് ഡയറക്ടർമാരും ജില്ലാ ഡയറക്ടർമാരും നേതൃത്വം വഹിക്കേണ്ടതാണ്.

## ജില്ലാതല മാതൃവേദി ഡയറക്ടർമാർ

| | | | |
|---|---|---|---|
| ബാലരാമപുരം | : | റവ. ഫാ. ജസ്റ്റിൻ നീലറത്തല | 9497470684 |
| ചെമ്പൂര് | : | റവ. ഫാ. ബോസ്കോ മോഹൻ | 8592930711 |
| കാട്ടാക്കട | : | റവ. ഫാ. ബോസ്കോ ചാലറക്കൽ | 8943929672 |
| നെയ്യാറ്റിൻകര | : | റവ. ഫാ. ഷാജി ജോർജ്ജ് | 6235382065 |
| പാറശ്ശാല | : | റവ. ഫാ. തോമസ് ഈട്ടിക്കാലായിൽ | 9446171556 |



# വിദ്യാഭ്യാസം

## അധ്യാപക ധ്യാനം

പാറശ്ശാല കത്തോലിക്ക ടീച്ചേർസ് ഗിൽഡിന്റെ നേതൃത്വത്തിൽ 2021 ഡിസംബർ 11-ാം തീയതി ശനിയാഴ്ച രാവിലെ 9.30 ന് നെല്ലിമൂട് സെന്റ് ക്രിസോസ്റ്റം ജി.എച്ച്.എസിൽ വെച്ച് അധ്യാപകധ്യാനം നടത്തി.

പ്രസ്തുത മീറ്റിംഗിൽ പാറശ്ശാല ടീച്ചേർസ് ഗിൽഡ് പ്രസിഡന്റ് അജയകുമാർ ഡി അധ്യക്ഷനായിരുന്നു. ഗിൽഡ് സ്റ്റേറ്റ് പ്രതിനിധി ശ്രീ. ജോർജ്ജ് രത്നം എല്ലാവർക്കും സ്വാഗതം ആശംസിച്ചു. മോൺ. സെലിൻ ജോസ് കോണത്തുവിള ആമുഖപ്രഭാഷണം നടത്തി. പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് ഉത്ഘാടനം നിർവഹിച്ച് മുഖ്യപ്രഭാഷണം നടത്തി. ഗിൽഡ് ജനറൽ സെക്രട്ടറി ഷാഹില ഷെറിൽ പി. എസ്. എല്ലാവർക്കും നന്ദി അർപ്പിച്ചു. സമ്മേളനം ഒരു മണിയോടെ അവസാനിച്ചു.

## ദേശീയ അംഗീകാരത്തിലേക്കുള്ള ആദ്യ ചുവടുവെയ്പ്പുമായ് നെല്ലിക്കാട് മദര് തെരേസ കോളേജ്

ഉന്നതവിദ്യാഭ്യാസ രംഗത്ത് കേരളത്തിലെ സ്വാശ്രയ കോളേജുകൾ അധികമൊന്നും എത്തിപ്പിടിക്കാൻ ശ്രമിക്കാത്ത നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗണ്സിൽ (NAAC) അംഗീകാരത്തിന്റെ അവസാനവട്ട പ്രവർത്തനങ്ങളിലേക്ക് പ്രവേശിച്ചിരിക്കുകയാണ് നെല്ലിക്കാട് മദർ തെരേസ കോളേജ്. യു.ജി.സി. 'പരാമർശ്' പദ്ധതിയുടെ ഭാഗമായ് മാർ ഇവാനിയോസ് (ഓട്ടോണമസ്, നാലാഞ്ചിറ) കോളേജിന്റെ കീഴിൽ രാജ്യത്ത് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഏഴ് കലാലയങ്ങൾക്കൊപ്പമാണ് കോളേജ് ഈ ചരിത്രനേട്ടത്തിനൊരുങ്ങുന്നത്.

ഇതിന് മുന്നോടിയായ് കഴിഞ്ഞ അഞ്ച് വർഷത്തെ പ്രവർത്തന ക്ഷമത വിശദീകരിക്കുന്ന സ്ഥാപനത്തിന്റെ സെൽഫ് സ്റ്റഡി റിപ്പോർട്ട്

(SSR) നവംബർ 26-ാം തീയതി ഉച്ചയ്ക്ക് മൂന്ന് മണിക്ക് മദർ തെരേസ കോളേജിൽ സംഘടിപ്പിച്ച ചടങ്ങിൽ പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. തോമസ് മാർ യൗസേബിയോസ് തിരുമേനിയുടെ കാർമികത്വത്തിൽ യു.ജി.സിക്ക് സമർപ്പിച്ചു. 2014 ൽ ആരംഭിച്ച കോളേജ് ചുരുങ്ങിയ കാലത്തിനുള്ളിൽ കൈവരിച്ച മികച്ച നേട്ടങ്ങളിൽ ഏറ്റവും തിളക്കമാർന്ന ഒന്നാണ് NAAC അംഗീകാരത്തിനായുള്ള SSR സമർപ്പണമെന്ന് അഭിവന്ദ്യ യൗസേബിയോസ് പിതാവ് അഭിപ്രായപ്പെട്ടു. മഹാമാരികളിലും പ്രളയദുരന്തങ്ങളിലുമൊക്കെപ്പെട്ട് ലോകം നട്ടംതിരിഞ്ഞിരിക്കുന്ന കാലഘട്ടങ്ങളിൽപ്പോലും ആത്മവിശ്വാസം ചോർന്നുപോകാതെ മുന്നോട്ട് കുതിക്കാൻ സ്ഥാപനത്തിന് കരുത്തേകിയ അദ്ധ്യാപകരേയും ജീവനക്കാരെയും തിരുമേനി പ്രത്യേകം പ്രശംസിച്ചു.

പ്രസ്തുത ചടങ്ങിൽ കോളേജ് പ്രിൻസിപ്പാൾ ഡോ. കെ. എം. ഫ്രാൻസിസ് (റിട്ട. പ്രിൻസിപ്പാൾ, മാർ ഇവാനിയോസ് കോളേജ്, നാലാഞ്ചിറ), പാറശ്ശാല ഭദ്രാസന വികാരി ജനറാൾ റൈറ്റ് റവ. മോൺ. സെലിൻ ജോസ് കോണത്തുവിള (കോളേജ് ബർസാർ), ശ്രീ. ഗോകുൽ പി. (IQAC കോർഡിനേറ്റർ) എന്നിവർ സംബന്ധിച്ചു.



**ക്രിസ്തുമസ്
നവവത്സരാശംസകൾ**




കാരിത്താസ് ഇന്ത്യ സംഘടിപ്പിച്ച സൈക്ലത്തോൺ



വിവാഹ ഒരുക്ക സെമിനാർ നവംബർ 2021




മലങ്കര കാത്തലിക് അസോസിയേഷൻ പാറശ്ശാല ഭദ്രാസന സമിതിയുടെ ആഭിമുഖ്യത്തിൽ മുൻകാല ഭാരവാഹികളെ ആദരിച്ച ചടങ്ങ്

Design & Layout : Syam, Nia Graphics, Chowara 9747 044 811



വി. യൗസേപ്പിതാവിന്റെ വർഷാചരണ സമാപനത്തോടനുബന്ധിച്ച് മേരീമക്കൾ സന്യാസിനി സമൂഹം നിർമ്മലാ പ്രൊവിൻസ്, പാറശ്ശാല രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവിനും ഭദ്രാസനത്തിൽ സേവനം അനുഷ്ഠിക്കുന്ന ബഹു. വൈദികർക്കുമായി സംഘടിപ്പിച്ച ഫ്രറ്റേണൽ മീറ്റ്.

Printed and Published by Very Rev. Fr. Hormis Puthenveettil (*Chancellor*)
Diocese of Parassala, Catholic Bishop's House
Kudayal, Ayira P.O., Parassala, Kerala, India 695 502